**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4904** **04-07-2024 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ പൂത്തോട്ട റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച തൃപ്പൂണിത്തുറ എസ്.എൻ.ജംഗ്ഷൻ പൂത്തോട്ട റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | എസ്.എൻ. ജംഗ്ഷൻ പൂത്തോട്ട റോഡ് നാലുവരിപ്പാതയാക്കുന്നതിന് 300 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിന് 450 കോടിയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ടു ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് കിഫ്ബിയിൽ നിന്ന് തീരുമാനം എടുത്തിട്ടുള്ളത്. ഒന്നാം ഘട്ടം എസ്.എൻ.ജംഗ്ഷൻ (ചെ.0/000) മുതൽ പുത്തൻകാവ് ജംഗ്ഷൻ (ചെ.12/600) വരെയും, രണ്ടാംഘട്ടം പുത്തൻകാവ് (ചെ. 12/600) മുതൽ പൂത്തോട്ട (ചെ.13/500) വരെയുമാണ്. ഇരുവശത്തും ഡ്രെയ്നേജ്, ഫുട്ട്പാത്ത് ഉൾപ്പെടെ 22 മീറ്റർ വീതിയിൽ നാലുവരിയായി കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമാണ് റോഡ് വികസനം നടത്താൻ ഉദ്ദേശിക്കുന്നത്. റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി പൊന്നും വില നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. സാമൂഹിക ആഘാത പഠനം നടത്തിയിട്ടുള്ളതും വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ കിഫ്ബി സ്ഥല പരിശോധന നടത്തുകയും ബസ് ബേ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നിവ ഉൾപ്പെടുത്തി അലൈൻമെന്റ് റിവൈസ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പദ്ധതിയുടെ DPR പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത വികസന പദ്ധതി അനിശ്ചിതമായി നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായുള്ള സർവ്വേ നടപടികൾ സ്പെഷ്യൽ തഹസിൽദാർ കിഫ്ബിയുടെ കാര്യാലയത്തിൽ പുരോഗമിച്ചു വരികയാണ്. ബസ്സ്ബേ, ജംഗ്ഷൻ വികസനം എന്നിവ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ ഡ്രോയിംഗ് ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭ്യമാക്കി അധികമായി വേണ്ടി വരുന്ന ഭൂമിക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് പൊന്നുംവില |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായുള്ള സർവ്വേ നടപടികൾ സ്പെഷ്യൽ തഹസിൽദാർ കിഫ്ബിയുടെ കാര്യാലയത്തിൽ പുരോഗമിച്ചു വരികയാണ്. ബസ്സ്ബേ, ജംഗ്ഷൻ വികസനം എന്നിവ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ ഡ്രോയിംഗ് ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭ്യമാക്കി അധികമായി വേണ്ടി വരുന്ന ഭൂമിക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് പൊന്നുംവില നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ